Vol-1,N0:20
01-09-2007

*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

**Commission Chairman**
Archbishop Mar Joseph Powathil
**Commission Secretary**
Fr. Johny Kochuparambil mst

**Vice-Chairmen**
Archbishop Dr. Daniel Acharuparambil
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

# ജാഗ്രത

## പ്രധാനവാർത്തകൾ

01. ന്യൂനപക്ഷാവകാശ നിഷേധത്തെ ശക്തമായി നേരിടും: കെ. സി. ബി. സി.
02. നുണപ്രചാരണവും ന്യൂനപക്ഷാവകാശ ധ്വംസനവും അവസാനിപ്പിക്കണം.
03. സഭയുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ തകർക്കാൻ സർക്കാർ ശ്രമിക്കുന്നു : മാർ പവ്വത്തിൽ.
04. മുരിങ്ങൂർ ധ്യാനകേന്ദ്രത്തിൽ നടന്നത് വെറും പരിശോധനയെന്ന് സർക്കാർ.
05. എയ്ഡഡ് അധ്യാപക നിയമനം വൈകിപ്പിക്കാൻ സർക്കാർ നീക്കം.
06. ചിക്കുൻഗുനിയ : കാണുന്നത് പുതിയ രോഗലക്ഷണങ്ങളെന്ന് ഐ. എം. എ.
07. ഓണാഘോഷം : കുടിച്ചു തീർത്തത് 52 കോടിയുടെ മദ്യം.

### 01. ന്യൂനപക്ഷാവകാശ നിഷേധത്തെ ശക്തമായി നേരിടും: കെ. സി. ബി. സി.

(Malayala Manorama 26-08-2007)

ന്യൂനപക്ഷാവകാശങ്ങൾ നിഷേധിക്കപ്പെട്ടാൽ ശക്തമായി നേരിടുമെന്ന് കേരള കാത്തലിക് ബിഷപ്സ് കൗൺസിൽ (കെ. സി. ബി. സി) അധ്യക്ഷൻ മാർ ജോർജ്ജ് പുന്നക്കോട്ടിൽ പറഞ്ഞു. ഗവൺമെന്റിനെ താഴെയിറക്കാനുള്ള സമരമല്ലയിത്. വിമോചന സമരവുമല്ല. അവകാശങ്ങൾ സംരക്ഷിക്കാനുള്ള സമരമാണ്. കെ. സി. ബി. സി.യുടെ ന്യൂനപക്ഷാവകാശ സംരക്ഷണ പ്രതിനിധി സമ്മേളനത്തിന്റെ സമാപന യോഗത്തിൽ അധ്യക്ഷത വഹിക്കുകയായിരുന്നു മാർ ജോർജ്ജ് പുന്നക്കോട്ടിൽ. കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയിൽ വളർച്ച ഉണ്ടാകണമെന്ന താല്പര്യം സി. പി. എമ്മിനില്ല. എല്ലാ കാര്യങ്ങളും സർക്കാർ മേഖലയിൽ വേണമെന്നാണ് താല്പര്യം. പക്ഷേ, സർക്കാർ ഏറ്റവും കഴിവുകെട്ട സേവനദാതാവാണ്. സത്യസന്ധത എന്നതു മൂല്യമായോ സുകൃതമായോ ഈ സർക്കാർ കണക്കാക്കുന്നില്ല. കുട്ടികളെ നിരീശ്വരവാദം പഠിപ്പിക്കാൻ പാഠ്യപദ്ധതി മാറ്റാനുള്ള ശ്രമത്തിലാണ് സർക്കാർ. ഇത്തരം സാഹചര്യങ്ങളിൽ കൈകെട്ടി നോക്കി നിൽക്കാനാവില്ലയെന്നും മാർ ജോർജ്ജ് പുന്നക്കോട്ടിൽ പറഞ്ഞു. ആസൂത്രിതമായ പദ്ധതിയുടെ ഭാഗമായി ക്രൈസ്തവ സമൂഹത്തെ അനാവശ്യമായ വിമർശനത്തിന് ഇരയാക്കാൻ ശ്രമമുണ്ടെന്ന് സമാപനയോഗം ഉദ്ഘാടനം ചെയ്ത സീറോ മലങ്കര സഭ മേജർ ആർച്ച് ബിഷപ് ബസേലിയോസ് മാർ ക്ലീമ്മീസ് കാതോലിക്കാ ബാവ പറഞ്ഞു. ന്യൂനപക്ഷങ്ങളെ ഇക്കാലമത്രയും പരിരക്ഷിച്ചത് ഇന്നാട്ടിലെ ഹൈന്ദവ ഭൂരിപക്ഷമാണ്. മാറി മാറി വന്ന സർക്കാരുകളല്ല. ന്യൂനപക്ഷങ്ങളും ഹൈന്ദവ സഹോദരങ്ങളുമായുള്ള സൗഹാർദം തകർത്ത്, അസ്വസ്ഥത സൃഷ്ടിച്ചു മുതലെടുക്കാമെന്ന് വിചാരിക്കരുത്. ഹൈന്ദവരും ക്രൈസ്തവരും ഒറ്റക്കെട്ടായിത്തന്നെ നിൽക്കും.

ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നടത്തിപ്പിൽ മാത്രമല്ല പ്രശ്നങ്ങൾ. ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ ചോദ്യം ചെയ്യുന്നത് സാംസ്കാരികത്തനിമയെ തന്നെ ചോദ്യം ചെയ്യലാണ്. ഭരണാധികാരികൾ ദീർഘവീക്ഷണമുള്ളവരാകണം. ക്രൈസ്തവ സമൂഹം മുന്നോട്ട് വെയ്ക്കുന്ന നിർദ്ദേശങ്ങൾ പഠിച്ച് ചർച്ചകളിലൂടെ ക്രിയാത്മകമായ തീരുമാനത്തിലെത്തണമെന്നും മാർ ക്ലീമ്മീസ് ഗവൺമെന്റിനോട് ആവശ്യപ്പെട്ടു. വിദ്യാഭ്യാസ സ്ഥാപനങ്ങൾ ദേശസാൽക്കരിക്കാൻ ശ്രമിക്കുന്ന സർക്കാർ മതസ്വാതന്ത്ര്യത്തിലും കടന്നുകയറുകയാണെന്ന് ആർച്ച് ബിഷപ് മാർ ജോസഫ് പൗവത്തിൽ പറഞ്ഞു. കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുക എന്ന കടമ മാതാപിതാക്കൾക്കുണ്ടെങ്കിൽ ആധ്യാത്മികതയും ധാർമികബോധവും നൽകാനുള്ള അവകാശം സഭയ്ക്കാണ്. ഇത് നിഷേധിക്കാനുള്ള ശ്രമമാണ് സർക്കാരിന്റേത്. ആർച്ച് ബിഷപ് മാർ ആൻഡ്രൂസ് താഴത്ത്, വരാപ്പുഴ അതിരൂപത സഹായമെത്രാൻ ഡോ. ജോസഫ് കാരിക്കശേരി, റവ. ഡോ. സ്റ്റീഫൻ ആലത്തറ, റവ. ഡോ. മരിയാൻ അറയ്ക്കൽ എന്നിവർ പ്രസംഗിച്ചു. നേരത്തെ ബിഷപ് ഡോ. ഫ്രാൻസിസ് കല്ലറയ്ക്കൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. റവ. ഡോ. സ്റ്റീഫൻ ആലത്തറ അധ്യക്ഷനായിരുന്നു. പ്രൊഫ. കെ. എം ഫ്രാൻസിസ്,

പ്രൊഫ. പയസ് കുര്യൻ, അഡ്വ. ജോർജ് കണ്ണന്താനം, പ്രൊഫ. ഏബ്രഹാം അറയ്ക്കൽ എന്നിവർ ക്ലാസെടുത്തു.

02. **നുണപ്രചാരണവും ന്യൂനപക്ഷാവകാശ ധ്വംസനവും അവസാനിപ്പിക്കണം: ഡാനിയേൽ അച്ചാരുപറമ്പിൽ.**

(Deepika 27-08-2007)

നുണപ്രചാരണവും ന്യൂനപക്ഷ അവകാശ ധ്വംസനവും അവസാനിപ്പിക്കണമെന്ന് വരാപ്പുഴ അതിരൂപത ആർച്ച് ബിഷപ് റവ. ഡോ. ഡാനിയേൽ അച്ചാരുപറമ്പിൽ. വിദ്യാഭ്യാസ അവകാശ സമിതിയുടെ ആഭ്യമുഖ്യത്തിൽ എറണാകുളത്ത് നടന്ന വിദ്യാഭ്യാസ അവകാശ സംരക്ഷണ സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. പിതാക്കന്മാർ ആവശ്യപ്പെട്ടാൽ ജീവർപ്പണം ചെയ്യുന്നതിന് പതിനായിരക്കണക്കിന് വിശ്വാസികൾ പിന്നിലുണ്ടെന്നും വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള അനാവശ്യമായ കടന്നു കയറ്റം ഒരു വിധത്തിലും അനുവദിക്കില്ലെന്നും അദ്ദേഹം പറഞ്ഞു. വരാപ്പുഴ അതിരൂപത സഹായ മെത്രാൻ റവ. ഡോ. ജോസഫ് കാരിക്കശേരി അധ്യക്ഷത വഹിച്ചു.

03. **സഭയുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ തകർക്കാർ സർക്കാർ ശ്രമിക്കുന്നു : മാർ പവ്വത്തിൽ.**

(Mathrubhumi 27-08-2007)

സ്വാശ്രയപ്രശ്നം സംബന്ധിച്ച് വഴങ്ങാത്തതിന്റെ പേരിൽ സഭയുടെ മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങളെ തകർക്കാനും സഭാവിശ്വാസികളുടെ ഇടയിൽ ഭിന്നിപ്പുണ്ടാക്കാനും സർക്കാർ ശ്രമിക്കുകയാണെന്ന് ഇന്റർ ചർച്ച് കൗൺസിൽ പ്രസിഡണ്ട് ആർച്ച് ബിഷപ്പ് മാർ ജോസഫ് പൗവത്തിൽ ആരോപിച്ചു. കേരള ലാറ്റിൻ കാത്തലിക് അസോസിയേഷൻ ആലപ്പുഴയിൽ സംഘടിപ്പിച്ച ദ്വൈവാർഷിക ജനറൽ കൗൺസിൽ ന്യൂനപക്ഷാവകാശങ്ങളും ഇന്നത്തെ സ്ഥിതിയും എന്ന വിഷയത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. സഭയുടെ ന്യായമായ നിലപാടുകളെ ഇല്ലാതാക്കാൻ പല പ്രതികാര നടപടികളും ചെയ്യാൻ സർക്കാർ ശ്രമിക്കുന്നുണ്ട്. എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ കയറിപ്പിടിച്ചാണ് സർക്കാർ പ്രതികാരം ചെയ്യുന്നതെന്ന് അദ്ദേഹം കുറ്റപ്പെടുത്തി. ഭരണഘടനാ ശില്പികൾ ന്യൂനപക്ഷാവകാശങ്ങൾ സംരക്ഷിക്കുന്നതിനെക്കുറിച്ച് വ്യക്തമായി നിർവചിച്ചിരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്താൻ ന്യൂനപക്ഷങ്ങൾക്ക് മൗലികാവകാശമുണ്ടായിരുന്നു. ന്യൂനപക്ഷത്തിന്റെ നിലനിൽപ്പ് സംസ്കാരത്തിന്റെ പ്രതീകമാണ്. വിദ്യാർത്ഥികളുടെ പ്രവേശനത്തിന് ശതമാനക്കണക്ക് ആവശ്യമില്ല. 50 ശതമാനം സീറ്റ് ന്യായീകരിക്കാവുന്നതല്ല. ന്യൂനപക്ഷ സമുദായങ്ങൾക്ക് കൊടുത്തിട്ടുവേണം സീറ്റു മറ്റുള്ളവർക്ക് നൽകാൻ. 100 ശതമാനം സീറ്റും ന്യൂനപക്ഷങ്ങൾക്ക് നൽകണമെന്നാണ് സഭയുടെ നിലപാടെന്നും അദ്ദേഹം പറഞ്ഞു.

കോടതിയുടെ നിഷ്പക്ഷത നിലനിൽക്കുന്നിടത്തോളം കാലം സ്വാശ്രയ പ്രശ്നത്തിൽ ന്യൂനപക്ഷങ്ങൾക്ക് നീതി ലഭിക്കണമെന്നും അദ്ദേഹം പറഞ്ഞു. സഭയിൽ ഭിന്നിപ്പുണ്ടാക്കി സ്വാശ്രയ പ്രശ്നത്തിൽ നിന്ന് പിന്മാറാൻ സർക്കാർ നടത്തുന്ന ശ്രമങ്ങളെ ചെറുക്കണമെന്നും അദ്ദേഹം പറഞ്ഞു. ഭാഷാന്യൂനപക്ഷങ്ങളും മതന്യൂനപക്ഷങ്ങളും വളരണമെങ്കിൽ അവയെ സ്വാതന്ത്ര്യമായി വിടണം. സർവകലാശാലകൾ സർക്കാർ നിയന്ത്രണത്തിൽ നിന്ന് മാറിയെങ്കിൽ മാത്രമേ വിദ്യാഭ്യാസ സ്വാതന്ത്ര്യം ലഭിക്കുകയുള്ളൂ. വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്താനും അവിടെ വിദ്യാർത്ഥികളെയും അധ്യാപകരെയും നിയമിക്കാനുള്ള മൗലികാവകാശം ന്യൂനപക്ഷങ്ങൾക്കുണ്ട്. എന്നാൽ സർക്കാർ അതിനെ തകർക്കാനാണ് ശ്രമിക്കുന്നത്.

04. **മുരിങ്ങൂർ ധ്യാനകേന്ദ്രത്തിൽ നടന്നത് വെറും പരിശോധനയെന്ന് സർക്കാർ.**

(Mathrubhumi 25-08-2007)

മുരിങ്ങൂർ ധ്യാനകേന്ദ്രത്തിൽ പോലീസ് വെറും പരിശോധന നടത്തുക മാത്രമാണ് ചെയ്തതെന്നും റെയ്ഡ് നടത്തിയിട്ടില്ലെന്നും സംസ്ഥാന സർക്കാർ സുപ്രീംകോടതിയിൽ ബോധിപ്പിച്ചു. ഇതു സംബന്ധിച്ച് വിശദമായ സത്യവാങ്മൂലം സർക്കാർ സമർപ്പിട്ടുണ്ട്. അതിന് മറുപടി നൽകാൻ കോടതി മുരിങ്ങൂർ ധ്യാനകേന്ദ്രം അധികൃതർക്ക് ഒരാഴ്ചത്തെ സമയം അനുവദിച്ചു. അന്വേഷണം നടത്തിയ ഐ. ജി വിൻസെന്റ് എം. പോൾ പ്രത്യേക സത്യവാങ് മൂലവും സമർപ്പിച്ചിട്ടുണ്ട്. ഹൈക്കോടതി നിർദ്ദേശിച്ച അന്വേഷണത്തിന്റെ ഭാഗമായിട്ടാണ് പോലീസ് പരിശോധന നടത്തിയതെന്ന് സർക്കാർ സത്യവാങ്മൂലത്തിൽ വിശദീകരിച്ചു. അവിടെ ആരോഗ്യ കേന്ദ്രം നടത്തുന്നതിനുള്ള അനുമതിയുണ്ടോ എന്ന കാര്യവും പരിശോധനയുടെ ഭാഗമായിരുന്നു. വനിതാ പോലീസിന്റെയും മെഡിക്കൽ സംഘത്തിന്റെയും സാന്നിധ്യത്തിലാണ് പരിശോധന നടന്നത്. ധ്യാനകേന്ദ്രത്തിനെതിരെ ഒട്ടേറെ പരാതികൾ ലഭിച്ചിട്ടുണ്ട്. അവ സംബന്ധിച്ച് കൂടുതൽ അന്വേഷണം നടത്തുന്നുണ്ട്. അന്വേഷണം അന്തിമ

ഘട്ടത്തിലാണ്. ധ്യാനകേന്ദ്രത്തിനെതിരെ ലഭിച്ച ഊമക്കത്തുകൾ മാത്രമല്ല, മറ്റ് പരാതികളും അന്വേഷിക്കുന്നുണ്ട്. മുരിങ്ങൂർ ധ്യാനകേന്ദ്രത്തിലെ റെയ്ഡിന്റെ പശ്ചാത്തലത്തിൽ അന്വേഷണം നിർത്തിവെക്കണമെന്നാവശ്യപ്പെട്ടാണ് അധികൃതർ സുപ്രീംകോടതിയെ സമീപിച്ചത്. ജസ്റ്റിസുമാരായ എസ്. എച്ച്. കപാഡിയ, സുദർശൻ റെഡ്ഢി എന്നിവരുൾപ്പെട്ട ബെഞ്ചിന് മുമ്പാകെയാണ് വെള്ളിയാഴ്ച ഹർജി പരിഗണനയ്ക്ക് വന്നത്. സർക്കാരിനുവേണ്ടി സ്റ്റാൻറിങ് കൗൺസൽ ജി. പ്രകാശ് ഹാജരായി.

## 05. എയ്ഡഡ് അധ്യാപക നിയമനം വൈകിപ്പിക്കാൻ സർക്കാർ നീക്കം.

(Malayala Manorama 25-08-2007)

എയ്ഡഡ് കോളേജുകളിൽ വർഷങ്ങളായി ഒഴിഞ്ഞു കിടക്കുന്ന അധ്യാപക ഒഴിവുകളിൽ നിയമനം വൈകിപ്പിക്കാൻ സർക്കാരിന്റെ രഹസ്യ നീക്കം. അധ്യാപക നിയമനത്തിനുള്ള ഇന്റർവ്യൂ ബോർഡിലേക്ക് സർക്കാർ നോമിനികളെ വിട്ടുകൊടുക്കാതെ ന്യൂനപക്ഷ മാനേജുമെന്റുകൾ ഉൾപ്പെടെയുള്ള എയ്ഡഡ് കോളേജ് മാനേജ്മെന്റുകളെ സമ്മർദത്തിലാഴ്ത്താനാണ് സർക്കാർ തീരുമാനം. എസ്. എൻ. ഡി. പി യോഗം, എൻ. എസ്. എസ് എന്നിവയുടെ നിയന്ത്രണത്തിലുള്ള കോളേജുകളിലും നിയമനം അനന്തമായി നീളുകയാണ്. സ്വാശ്രയ കോളേജ് വിഷയത്തിൽ സർക്കാരിന്റെ എതിർഭാഗത്തുള്ള സ്വാശ്രയ മാനേജ്മെന്റുകളെ സമ്മർദത്തിലാഴ്ത്തുക എന്ന തന്ത്രത്തിന്റെ ഭാഗമാണ് സർക്കാരിന്റെ നീക്കമെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. നേരത്തേ നിയമനം നടത്തി സർക്കാർ അംഗീകരിച്ച അധ്യാപകർക്ക് ശമ്പളം നൽകാത്ത സ്ഥിതിയുമുണ്ട്. ഒരു വർഷം മുതൽ മൂന്നു വർഷംവരെയായി ശമ്പളം കിട്ടാത്ത അധ്യാപകരും എയ്ഡഡ് കോളേജുകളിലുണ്ട്. എസ്. എൻ. ഡി. പി യോഗം അധ്യാപക തസ്തികകളിലേക്ക് മാസങ്ങൾക്കു മുൻപ് അപേക്ഷ ക്ഷണിച്ചെങ്കിലും നിയമനത്തിനുള്ള ഇന്റർവ്യൂ ബോർഡിലേക്ക് ഗവ. നോമിനിയെ വിട്ടുകൊടുക്കാതെ സർക്കാർ ഒളിച്ചു കളിക്കുകയാണ്. എസ്. എൻ. ഡി. പി യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പിള്ളി നടേശനുമായി ഈയിടെ വിദ്യാഭ്യാസ മന്ത്രി എം. എ ബേബി നടത്തിയ ചർച്ചയിൽ ഇക്കാര്യത്തിൽ ഏകദേശ ധാരണയായെങ്കിലും എസ്. എൻ ട്രസ്റ്റിന് ഇതുവരെ ഇന്റർവ്യൂ നടത്താനായിട്ടില്ല. ഗവ. നോമിനിയെ കിട്ടാത്തതാണു കാരണം. വിരമിച്ച ഒഴിവുകളിലേക്കുള്ള 59 അധ്യാപക തസ്തികകളിൽ നിയമനം നടത്താൻ സർക്കാർ അനുമതിയിൽ മന്ത്രി ഒപ്പുവെച്ചെന്നും പക്ഷേ, ഫയൽ സെക്രട്ടറിയേറ്റിൽ കുടുങ്ങി കിടക്കുകയാണെന്നും വെള്ളാപ്പിള്ളി നടേശൻ മനോരമയോട് പറഞ്ഞു.

ഇതേ സമയം തന്നെ, വിവിധ അധ്യാപക തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ച എൻ. എസ്. എസ് മാനേജ്മെന്റിനും സർക്കാരിന്റെ അനുമതി ലഭിച്ചിട്ടില്ല. സർക്കാർ നോമിനിയെ വിട്ടുതരണമെന്നാവശ്യപ്പെട്ട് സർക്കാരിനെ സമീപിച്ചെങ്കിലും ഫയലിന്മേൽ അന്തിമ തീരുമാനം വൈകുകയാണെന്നും എൻ. എസ്. എസ് അസിസ്റ്റന്റ് സെക്രട്ടറി ജി. സുകുമാരൻ നായർ പറയുന്നു. നിയമോപദേശം തേടാൻ വിട്ടിരിക്കുകയാണെന്നാണു സർക്കാർ വൃത്തങ്ങളുടെ മറുപടി. അംഗീകൃത തസ്തികകളിൽ നിയമനം നടത്തുന്നതിനു നിയമോപദേശത്തിന്റെ കാര്യമില്ലെന്ന് സുകുമാരൻ നായർ ചൂണ്ടിക്കാട്ടുന്നു. നിയമനം വൈകുന്നതിനാൽ ഒരു മാസത്തിനകം ഗവൺമെന്റ് നോമിനിയെ വിട്ടുകൊടുക്കണമെന്ന് നേരത്തെ കോടതി നിർദേശമുള്ളതാണ്. ഇനിയും വൈകിയാൽ വീണ്ടും കോടതിയെ സമീപിക്കുകയേ മാർഗ്ഗമുള്ളൂവെന്നും അദ്ദേഹം പറഞ്ഞു. അതേസമയം, സംസ്ഥാനത്തെ 500-ൽ പരം എയ്ഡഡ് കോളേജ് അധ്യാപകർക്ക് മാസങ്ങളായി ശമ്പളം കുടിശികയാണ്. 14 മാസം മുതൽ 36 മാസം വരെ ശമ്പളം കിട്ടാത്ത അധ്യാപകരുണ്ട്. കോളേജിൽ നിന്നും പ്രീ-ഡിഗ്രി വേർപ്പെടുത്തിയപ്പോൾ ഏർപ്പെടുത്തിയ അധ്യാപക നിയമന നിരോധനം പിൻവലിച്ചതിന് ശേഷം നടത്തിയ നിയമനങ്ങൾക്ക് സർക്കാർ അംഗീകാരം നൽകിയിരുന്നു. സ്വകാര്യ കോളേജ് അധ്യാപകരുടെ ശമ്പള ബിൽ പാസാക്കേണ്ടതു ബന്ധപ്പെട്ട ഉന്നത വിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടർമാരാണ്. ശമ്പളബില്ലുകൾ ഡിഡി ഓഫീസിൽ കെട്ടികിടക്കുകയാണ്. ശമ്പളം കിട്ടാത്ത അധ്യാപകർ ഹൈക്കോടതിയെ സമീപിച്ചപ്പോൾ ഉടൻ ശമ്പളം നൽകാൻ കോടതി നിർദേശിച്ചിരുന്നു. വിധിപ്പകർപ്പു സഹിതം വീണ്ടും ശമ്പള ബില്ലുകൾ സമർപ്പിച്ചിട്ടും പാസാക്കി നൽകാൻ നടപടിയില്ല.

## 06. ചിക്കുൻഗുനിയ : കാണുന്നത് പുതിയ രോഗലക്ഷണങ്ങളെന്ന് ഐ. എം. എ.

(Mangalam 25-08-2007)

ശരീരത്തിലെ വ്രണങ്ങളും തൊലിപ്പുറത്തുണ്ടാകുന്ന പാടുകളും ചിക്കുൻഗുനിയയുടെ പുതിയ ലക്ഷണങ്ങളാണെന്ന് ഐ. എം. എയുടെ പഠന റിപ്പോർട്ട്. ഇപ്പോഴത്തെ അവസ്ഥ തുടർന്നാൽ വടക്കൻ ജില്ലകളിൽ

ഭയാനകമായ രീതിയിൽ പനി വ്യാപിക്കാൻ കാരണമാകുമെന്ന് റിപ്പോർട്ട് മുന്നറിയിപ്പ് നൽകുന്നു. ചിക്കുൻ ഗുനിയയ്ക്ക് കാരണമാകുന്ന വൈറസുകളിൽ ജനിതക വ്യതിയാനം ഉണ്ടായിരിക്കാമെന്നും ഇതു രോഗവ്യാപനം വേഗത്തിലാക്കിയെന്നും റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തി കൊണ്ട് ഐ. എം. എ സംസ്ഥാന പ്രസിഡന്റ് സി. കെ ചന്ദ്രശേഖരൻ പറഞ്ഞു. മസ്തിഷ്കത്തെയടക്കം ചിക്കുൻഗുനിയ ബാധിച്ചതായി കണ്ടെത്തിയിട്ടുണ്ട്. സർക്കാർ നടപ്പാക്കിയ പ്രതിരോധ നടപടികൾ പലതും ഉദ്ദേശിച്ച സമയത്ത് പനിബാധിത പ്രദേശങ്ങളിൽ ലഭ്യമായില്ല. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, എറണാകുളം ജില്ലകളിൽ നിന്നായി 200 ഡോക്ടർമാർ ശേഖരിച്ച 1,80,892 പനി കേസുകളാണ് ഐ. എം. എയുടെ സാംക്രമിക രോഗ സെൽ പരിശോധനയ്ക്ക് വിധേയമാക്കിയത്.

07. **ഓണാഘോഷം : കുടിച്ചു തീർത്തത് 52 കോടിയുടെ മദ്യം.** (Deepika 29-08-2007)

ഓണം ആഘോഷിക്കാൻ മലയാളി മത്സരിച്ചപ്പോൾ തീർന്നത് 52.79 കോടി രൂപയുടെ മദ്യം. പുരാടം, ഉത്രാടം, തിരുവോണം എന്നീ ദിവസങ്ങളിൽ സംസ്ഥാനത്തെ 314 ബിവറേജസ് കോർപ്പറേഷൻ ഷോപ്പുകളിൽ നടന്ന വില്പനയുടെ കണക്കാണിത്. കഴിഞ്ഞ വർഷം 41.2 കോടി രൂപയുടെ വിൽപ്പനയാണ് നടന്നത്. 28 ശതമാനം വർധന. ഏറ്റവും കൂടുതൽ മദ്യം വിറ്റത് ഉത്രാട ദിനമായിരുന്ന 26 നാണ്– 19.18 കോടിയുടെ വിൽപ്പന. കഴിഞ്ഞ വർഷം ഇത് 19. 6 കോടി രൂപയായിരുന്നു. പൂരാടത്തിന് 18 കോടിയുടെയും തിരുവോണമായ 27–ന് 15.61 കോടിയുടെയും വിൽപ്പന നടന്നുവെന്ന് ബിവറേജസ് കോർപ്പറേഷൻ എം. ഡി ശങ്കർ റെഡ്ഡി പറഞ്ഞു. തൃശൂർ, കൊല്ലം, തിരുവന്തപുരം ജില്ലകളിലാണ് ഏറ്റവും കൂടുതൽ മദ്യം വിറ്റത്. ഷോപ്പുകളിൽ കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി, തൃശ്ശൂർ ജില്ലയിലെ ചാലക്കുടി എന്നിവിടങ്ങളിലാണ് കൂടുതൽ മദ്യം വിറ്റത്. ഉത്രാട ദിവസത്തിന്റെ ഉച്ചവരെ മാത്രം 14 ലക്ഷത്തിന്റെ വിൽപ്പന ഈ ഷോപ്പുകളിൽ നടന്നതായി കണക്കാക്കുന്നു. ഉത്രാടത്തിന്റെ തലേന്ന് വരെയും 50 കോടിയുടെ മദ്യം വിറ്റതായി കണക്കാക്കുന്നു. 23–ന് 14.78 കോടി രൂപയ്ക്കും, 16.81 കോടി രൂപയ്ക്കും മദ്യം വിറ്റു. ഈ ദിവസങ്ങളിൽ കൺസ്യൂമർഫെഡിന്റെ ചില്ലറ വിൽപ്പനശാല വഴി രണ്ടു കോടി രൂപയുടെ വിൽപ്പന നടന്നു.